ഗ്രാമീണ അടിസ്ഥാനസൗകര്യ വികസനപദ്ധതി

7 (*487) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിപ്രകാരം നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതിക്ക് നബാർഡിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷം നബാർഡിൽ നിന്നും എന്ത് തുക ധനസഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) റോഡുകൾ, പാലങ്ങൾ എന്നിവയുടെ വികസനത്തിനായി എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നബാർഡ് സഹായം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നുള്ള വായ്പ ഉപയോഗിച്ച് കാർഷിക മേഖലയിൽപ്പെടുന്ന വെള്ളപ്പൊക്ക നിവാരണം, മണ്ണ് സംരക്ഷണം, ചെറുകിട ജലസേചനം, അഴുക്കുചാൽ നിർമ്മാണം, വനസംരക്ഷണം, ചെറുകിട ജലവൈദ്യുത പദ്ധതികൾ, മൃഗസംരക്ഷണം, പ്ലാന്റേഷൻ, അറവുശാല നിർമ്മാണം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും സാമൂഹ്യമേഖലയിൽപ്പെടുന്ന ശുദ്ധജലവിതരണ പദ്ധതികൾ, സ്കൂൾ കെട്ടിട നിർമ്മാണം, പൊതുജനാരോഗ്യ സ്ഥാപനങ്ങൾ, ഗ്രാമീണ ശുചിത്വ പദ്ധതി, അംഗനവാടികളുടെ നിർമ്മാണം, ഗ്രാമീണ റോഡുകളും, പാലങ്ങളും, ഐ.റ്റി. സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് തുക വിനിയോഗിക്കപ്പെടേണ്ടത്. കാർഷിക മേഖലയിൽപ്പെടുന്ന പ്രവർത്തനങ്ങൾക്ക് പദ്ധതി അടങ്കലിന്റെ 95% വരെയും, സാമൂഹ്യ മേഖലയിൽപ്പെടുന്ന പ്രവർത്തനങ്ങൾക്ക് 85% വരെയും ഗ്രാമീണ ഗതാഗത സംവിധാനങ്ങൾക്ക് 80% വരെയും നബാർഡ് വായ്പ ലഭ്യമാകും. ചെറുകിട പദ്ധതികൾക്ക് പൂർത്തിയാക്കുന്നതിന് രണ്ടുമുതൽ മൂന്നുവർഷംവരെ കാലാവധിയും ഇടത്തരം ബൃഹത് പദ്ധതികൾക്കും, അമ്പത് കോടിയോ അതിലധികമോ ചെലവുവരുന്ന പദ്ധതികൾക്കും 5 വർഷം വരെയും കാലാവധിയുണ്ട്. നിലവിൽ 6.5 ശതമാനമാണ് നബാർഡ് പലിശയായി ഈടാക്കുന്നത്. പലിശയുൾപ്പെടെയുള്ള ഇതിന്റെ തിരിച്ചടവ് കാലം 7 വർഷമാണ്. ഇതിൽ 2 വർഷം ഗ്രേസ് പിരീഡാണ്. അഞ്ച് തുല്യ വാർഷിക ഗഡുക്കളായാണ് തിരിച്ചടവ് നടത്തേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2009-10-ൽ 368.77 കോടി രൂപയുടെ നബാർഡ് ധനസഹായം ലഭിച്ചിട്ടുണ്ട്.

(ഡി) 2009-10-ൽ 96.43 കോടി രൂപ റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കായി നബാർഡ് വായ്പ ലഭിച്ചിട്ടുണ്ട്.

(ഇ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നബാർഡ് സഹായം വിനിയോഗിച്ചിട്ടില്ല. വിവിധ വകുപ്പുകളും കെ.എൽ.ഡി.സി.യും വഴി 2009-10-ൽ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾക്കായി 13.37 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്.

മത്സ്യമേഖലയുടെ വികസനത്തിന് ദേശീയമത്സ്യവികസന ബോർഡ് നൽകുന്ന സഹായങ്ങൾ

8 (*488) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമേഖലയുടെ വികസനത്തിന് ദേശീയ മത്സ്യ വികസന ബോർഡ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(ബി) വിവിധ പദ്ധതികൾക്കായി ബോർഡിൽ നിന്നും ലഭിച്ച സഹായത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) അലങ്കാര മത്സ്യകൃഷി വികസനത്തിന് സഹായം നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ കെടുതികൾ അതിജീവിക്കുന്നതിന് മത്സ്യമേഖലയിൽ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു എന്നു വെളിപ്പെടുത്തുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) മത്സ്യമേഖലയുടെ വികസനത്തിനു ദേശീയ മത്സ്യവികസന ബോർഡിൽ നിന്ന് ലഭ്യമാകുന്ന സഹായങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. മത്സ്യസംസ്ക്കരണത്തിന് ധനസഹായം
2. ആധുനിക ശുചിത്വ മത്സ്യമാർക്കറ്റ്
3. ആറ്റുകൊഞ്ച് കൃഷി
4. മത്സ്യവല ഫാക്ടറി
5. കോൾ നിലങ്ങളിൽ ആറ്റുകൊഞ്ച് കൃഷി

LIBRARY ARCHIVES Kerala Legislative Assembly